പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3693 23.08.2017 ലെ മറുപടിക്ക്

**ചകിരി സംസ്കരണ യൂണിറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ തൊണ്ട് സംഭരണം മുതൽ ചകിരി ഉൽപ്പാദനം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകളായിരിക്കും സ്ഥാപിക്കുക. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. വരുന്ന 5 വർഷം കൊണ്ട് ഇത്തരം 1000 മില്ലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ബി) ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് കുറഞ്ഞ വേതനമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ | ബി) പ്രോജക്ട് ഓഫീസറും സംഘടനാപ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇത്തരം യൂണിറ്റുകളിലെ തൊഴിലാളികളുടെ ജോലി ഭാരവും കുറഞ്ഞ കൂലിയും തീരുമാനിക്കുന്നത്. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കുറഞ്ഞ കൂലിയായി 300/- രൂപാ നൽകി വരുന്നു. |
| സി) തൊണ്ട് തല്ല് രംഗത്ത് സ്ത്രീ തൊഴിലാളികളെ തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം എപ്രകാരമാണ് സഹായകരമാകുകയെന്ന് വിശദമാക്കുമോ? | സി) പരമ്പരാഗത കയർ വ്യവസായ രംഗത്തേക്ക് സ്ത്രീ തൊഴിലാളികളെ തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ